# CHAPTER - 5
# ഇന്ത്യൻ സമ്പദ്ഘടന വിവിധ മേഖലകളിലൂടെ

---

1. **സമ്പദ്‌വ്യവസ്ഥയിലെ പ്രാഥമിക മേഖലയുടെ പ്രധാന സവിശേഷതകൾ എന്തെല്ലാം?**

   - പ്രകൃതിവിഭവങ്ങളെ നേരിട്ട് ഉപയോഗപ്പെടുത്തി നടത്തുന്ന പ്രവർത്തനങ്ങളാണ് ഈ മേഖലയുടെ മുഖ്യ സവിശേഷത.
   - കൃഷി, കന്നുകാലിവളർത്തൽ, മത്സ്യബന്ധനം, ഖനനം, വനം തുടങ്ങിയവ ഇതിന് ഉദാഹരണങ്ങളാണ്.
   - കൃഷിക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും കൂടുതൽ പ്രാധാന്യം നൽകുന്നതിനാൽ ഇതിനെ 'കാർഷിക മേഖല' എന്നും വിളിക്കുന്നു.
   - ഈ മേഖലയിൽ നിന്ന് നേരിട്ട് ഉപയോഗിക്കാവുന്ന ഉല്പന്നങ്ങളും മറ്റ് ഉല്പന്നങ്ങൾ നിർമ്മിക്കാനാവശ്യമായ അസംസ്കൃതവസ്തുക്കളും ലഭ്യമാകുന്നു.

2. **ദ്വിതീയ മേഖലയെ 'വ്യവസായ മേഖല' എന്ന് വിളിക്കുന്നത് എന്തുകൊണ്ട്?**

   - വ്യവസായം, നിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ട സാമ്പത്തിക പ്രവർത്തനങ്ങളാണ് ഈ മേഖലയിൽ ഉൾപ്പെടുന്നത്.
   - പ്രാഥമികമേഖലയിലെ ഉല്പന്നങ്ങൾ അസംസ്കൃതവസ്തുക്കളായി ഉപയോഗിച്ച് പുതിയ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന പ്രവർത്തനങ്ങൾ ഇവിടെ നടക്കുന്നു.
   - വ്യവസായങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതിനാലാണ് ഇതിനെ വ്യവസായമേഖല എന്ന് വിളിക്കുന്നത്.
   - വൈദ്യുതി, ഗ്യാസ് വിതരണം തുടങ്ങിയവയും ഈ മേഖലയുടെ ഭാഗമാണ്.

3. **തൃതീയ മേഖലയെ 'സേവന മേഖല' എന്ന് വിശേഷിപ്പിക്കുന്നത് എന്തുകൊണ്ട്?**

   - ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങി വിവിധ സേവനപ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നത് തൃതീയമേഖലയാണ്.
   - പ്രാഥമിക, ദ്വിതീയ മേഖലകളിലെ പ്രവർത്തനങ്ങളെ കാര്യക്ഷമമാക്കാൻ ഈ മേഖല സഹായിക്കുന്നു.
   - വ്യാപാരം, വാണിജ്യം, വാർത്താവിനിമയം, ബാങ്കിംഗ് തുടങ്ങിയ സേവനങ്ങൾക്ക് ഇവിടെ പ്രാധാന്യം ലഭിക്കുന്നു.
   - അതുകൊണ്ടാണ് ഈ മേഖല സേവന മേഖല എന്നറിയപ്പെടുന്നത്.

4. **നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിന്റെ (NSO) പ്രധാന ചുമതലകൾ ഏവ?**

- ഇന്ത്യയിലെ ദേശീയ വരുമാനം ഉൾപ്പെടെയുള്ള സാമ്പത്തിക സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുന്നു.
- രാജ്യത്തെ സാമ്പത്തിക സ്ഥിതിവിവരക്കണക്കുകൾ പ്രസിദ്ധീകരിക്കുന്ന കേന്ദ്രഗവൺമെന്റ് സ്ഥാപനമാണിത്.
- സാമ്പത്തികനയങ്ങൾ രൂപീകരിക്കുന്നതിനും സർക്കാർ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും ആവശ്യമായ വിവരങ്ങൾ നൽകുന്നു.
- രാജ്യത്തിന്റെ സാമ്പത്തികവളർച്ച നിരീക്ഷിക്കുന്നതിനുള്ള അടിസ്ഥാന വിവരങ്ങൾ NSO ലഭ്യമാക്കുന്നു.

**5. വിവിധ സാമ്പത്തിക മേഖലകളുടെ പരസ്പരാശ്രയത്വം ഒരു ഉദാഹരണത്തിലൂടെ വ്യക്തമാക്കുക.**

- കാർഷികമേഖലയിലെ കരിമ്പ് ഉൽപാദനം വർധിപ്പിക്കാൻ ദ്വിതീയമേഖലയിൽ നിന്നുള്ള യന്ത്രസാമഗ്രികളും വളങ്ങളും ആവശ്യമാണ്.
- തൃതീയമേഖലയിൽ നിന്നുള്ള ഗതാഗത സൗകര്യവും ബാങ്ക് വായ്പകളും (സാമ്പത്തിക സഹായം) ഇതിന് അനിവാര്യമാണ്.
- ഇത്തരത്തിൽ ഒരു മേഖലയുടെ വളർച്ച മറ്റ് മേഖലകളുടെ സഹായത്തോടെയാണ് സാധ്യമാകുന്നത്.
- മൂന്ന് മേഖലകളും ഒത്തുചേർന്ന് പ്രവർത്തിക്കുമ്പോഴാണ് രാജ്യത്ത് സാമ്പത്തികവളർച്ച ഉണ്ടാകുന്നത്.

**6. ദേശീയ വരുമാനം എന്നാൽ എന്ത്? ഇന്ത്യയിലെ സാമ്പത്തിക വർഷം ഏതാണ്?**

- ഒരു രാജ്യത്ത് ഒരു സാമ്പത്തികവർഷം ഉൽപാദിപ്പിക്കുന്ന എല്ലാ അന്തിമ സാധനങ്ങളുടെയും സേവനങ്ങളുടെയും പണമൂല്യമാണ് ദേശീയ വരുമാനം.
- വിവിധ സാമ്പത്തിക പ്രവർത്തനങ്ങളിൽ നിന്നും ലഭിക്കുന്ന ഒരു വർഷത്തെ ആകെ വരുമാനത്തെ ഇത് സൂചിപ്പിക്കുന്നു.
- ഇന്ത്യയിൽ ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെയാണ് സാമ്പത്തിക വർഷമായി കണക്കാക്കുന്നത്.
- ദേശീയ വരുമാനം ഒരു രാജ്യത്തിന്റെ സാമ്പത്തികസ്ഥിതി വിശദമാക്കുന്ന പ്രധാന സൂചകമാണ്.

**7. അന്തിമ സാധനങ്ങളും ഇടനില സാധനങ്ങളും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുക.**

- നേരിട്ട് ഉപഭോഗവസ്തുവായി ഉപയോഗിക്കുന്ന സാധനങ്ങളെ അന്തിമസാധനങ്ങൾ എന്ന് വിളിക്കുന്നു.
- മറ്റൊരു ഉല്പന്നം നിർമ്മിക്കുന്നതിനായി അസംസ്കൃതവസ്തുവായി ഉപയോഗിക്കുന്നവയാണ് ഇടനില സാധനങ്ങൾ.
- ദേശീയ വരുമാനം കണക്കാക്കുമ്പോൾ അന്തിമ സാധനങ്ങളുടെ പണമൂല്യം മാത്രമേ പരിഗണിക്കാറുള്ളൂ.

- ഇടനില സാധനങ്ങളുടെ മൂല്യം അന്തിമ സാധനങ്ങളുടെ വിലയിൽ ഉൾപ്പെട്ടിരിക്കും.

**8. ദേശീയ വരുമാനം കണക്കാക്കുന്നതിന്റെ പ്രാധാന്യം എന്തെല്ലാം?**

- രാജ്യത്തിന്റെ സാമ്പത്തികവളർച്ച മനസ്സിലാക്കുന്നതിന് സഹായിക്കുന്നു.
- സമ്പദ്‌വ്യവസ്ഥയിലെ വിവിധ മേഖലകളുടെ സംഭാവന വിലയിരുത്തുന്നതിന് ഉപകരിക്കുന്നു.
- പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും സർക്കാരിനെ സഹായിക്കുന്നു.
- രാജ്യങ്ങളുടെ സാമ്പത്തികസ്ഥിതികൾ തമ്മിൽ താരതമ്യം ചെയ്യുന്നതിനും സമ്പദ്‌വ്യവസ്ഥയുടെ ശക്തിയും ബലഹീനതയും തിരിച്ചറിയുന്നതിനും ഇത് അനിവാര്യമാണ്.

**9. ദേശീയ വരുമാനം കണക്കാക്കുന്നതിനുള്ള 'ഉല്പന്ന രീതി' വിവരിക്കുക.**

- ഒരു സാമ്പത്തികവർഷത്തിൽ പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളിൽ ഉൽപാദിപ്പിക്കപ്പെടുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും പണമൂല്യം അടിസ്ഥാനമാക്കിയുള്ള രീതിയാണിത്.
- വിവിധ മേഖലകളിൽ നിന്നും ദേശീയവരുമാനത്തിലേക്കുള്ള സംഭാവന എത്രത്തോളമാണെന്ന് തിരിച്ചറിയാൻ ഇത് സഹായിക്കുന്നു.
- ഓരോ മേഖലയ്ക്കും അർഹമായ പ്രാധാന്യം നൽകുന്നതിനും ഈ രീതി ഉപകരിക്കുന്നു.

**10. ദേശീയ വരുമാനം കണക്കാക്കുന്നതിനുള്ള 'വരുമാന രീതി' വിശദമാക്കുക.**

- ഉൽപാദകഘടകങ്ങളായ ഭൂമി, തൊഴിൽ, മൂലധനം, സംഘാടനം എന്നിവയ്ക്ക് ലഭിക്കുന്ന പ്രതിഫലങ്ങളുടെ പണമൂല്യം അടിസ്ഥാനമാക്കി വരുമാനം കണക്കാക്കുന്നു.
- പാട്ടം, വേതനം, പലിശ, ലാഭം എന്നിവയുടെ ആകെത്തുകയാണിത്.
- വരുമാന രീതിയിലൂടെ കണക്കാക്കുന്നത് മൊത്ത ദേശീയ വരുമാനമാണ് (GNI).

**11. 'ചെലവു രീതി' ഉപയോഗിച്ച് ദേശീയ വരുമാനം എങ്ങനെ കണ്ടെത്താം?**

- ഒരു സാമ്പത്തികവർഷം രാജ്യത്തെ വിവിധ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്ന ആകെ ചെലവിന്റെ അടിസ്ഥാനത്തിൽ വരുമാനം കണക്കാക്കുന്നു.
- ഉപഭോഗ ചെലവ് (C), നിക്ഷേപ ചെലവ് (I), സർക്കാർ ചെലവ് (G), അറ്റ കയറ്റുമതി (X-M) എന്നിവ ഇതിൽ ഉൾപ്പെടുന്നു.
- ചെലവു രീതിയിലൂടെ കണക്കാക്കുന്നത് മൊത്ത ദേശീയ ചെലവാണ് (GNE).

**12. ഉൽപാദനം, വിതരണം, ഉപഭോഗം എന്നീ സാമ്പത്തിക പ്രവർത്തനങ്ങളെ നിർവചിക്കുക.**

- ഉൽപാദനഘടകങ്ങളെ ഉപയോഗിച്ച് സാധനങ്ങളും സേവനങ്ങളും നിർമ്മിക്കുന്ന പ്രക്രിയയാണ് ഉൽപാദനം.
- ലഭിക്കുന്ന വരുമാനം വ്യക്തികൾക്കോ ഉൽപാദകഘടകങ്ങൾക്കോ ഇടയിൽ കൈമാറ്റം ചെയ്യപ്പെടുന്ന പ്രക്രിയയാണ് വിതരണം.
- ആവശ്യങ്ങളും ആഗ്രഹങ്ങളും തൃപ്തിപ്പെടുത്താൻ വിഭവങ്ങൾ ഉപയോഗിക്കുന്ന പ്രവർത്തനമാണ് ഉപഭോഗം.
- ഈ പ്രവർത്തനങ്ങൾ ത്വരിതപ്പെടുമ്പോഴാണ് സമ്പദ്‌വ്യവസ്ഥ പുരോഗതി കൈവരിക്കുന്നത്.

**13. ഉല്പാദന ഘടകങ്ങളും അവയ്ക്ക് ലഭിക്കുന്ന പ്രതിഫലങ്ങളും പട്ടികപ്പെടുത്തുക.**

- ഭൂമി - പാട്ടം .
- തൊഴിൽ - വേതനം .
- മൂലധനം - പലിശ .
- സംഘാടനം - ലാഭം .

**14. സാമ്പത്തിക ശാസ്ത്രത്തിൽ 'നിക്ഷേപം' ചെലവായി പരിഗണിക്കുന്നത് എന്തുകൊണ്ട്?**

- സാധനങ്ങൾ വാങ്ങുന്ന ഉപഭോഗ ചെലവിനൊപ്പമാണ് നിക്ഷേപവും പരിഗണിക്കുന്നത്.
- ഭാവിയിലെ ഉല്പാദനത്തിനായി പണം വിനിയോഗിക്കുന്നതിനാലാണ് ഇതിനെ നിക്ഷേപ ചെലവ് എന്ന് വിളിക്കുന്നത്.
- ഇത് രാജ്യത്തിന്റെ മൊത്തം ചെലവിന്റെ ഒരു പ്രധാന ഭാഗമാണ്.

**15. അറ്റ കയറ്റുമതി എന്നാൽ എന്ത്? ഇത് എങ്ങനെ കണക്കാക്കുന്നു?**

- ഒരു രാജ്യത്തിന്റെ കയറ്റുമതി മൂല്യവും ഇറക്കുമതി മൂല്യവും തമ്മിലുള്ള വ്യത്യാസമാണിത്.
- സൂത്രവാക്യം: അറ്റ കയറ്റുമതി = കയറ്റുമതി (X) - ഇറക്കുമതി (M).
- ഇത് ദേശീയ വരുമാനത്തിലെ ഒരു പ്രധാന ഘടകമാണ്.

**16. മൊത്ത ആഭ്യന്തര ഉല്പന്നവും (GDP), മൊത്ത ദേശീയ ഉല്പന്നവും (GNP) തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുക?**

**<u>മൊത്ത ആഭ്യന്തര ഉല്പന്നം (GDP):</u>**

- ഒരു സാമ്പത്തിക വർഷത്തിൽ ഒരു രാജ്യത്തിന്റെ ആഭ്യന്തര അതിർത്തിക്കുള്ളിൽ ഉല്പാദിപ്പിക്കപ്പെടുന്ന അന്തിമ സാധനങ്ങളുടെയും സേവനങ്ങളുടെയും ആകെ പണമൂല്യമാണിത്.
- ഇവിടെ ഉല്പാദനം നടക്കുന്നത് രാജ്യത്തിനകത്താണോ എന്നതിനാണ് മുൻഗണന നൽകുന്നത്. വിദേശത്ത് ജോലി ചെയ്യുന്ന സ്വദേശികളുടെ വരുമാനം ഇതിൽ ഉൾപ്പെടില്ല.
- GDP കണക്കാക്കുമ്പോൾ രാഷ്ട്രീയ അതിർത്തിക്ക് പുറമെ രാജ്യത്തിന്റെ കപ്പലുകൾ, വിമാനങ്ങൾ, വിദേശത്തുള്ള എംബസികൾ, ഹൈക്കമ്മീഷനുകൾ എന്നിവയും സാമ്പത്തിക അതിർത്തിയുടെ ഭാഗമായി പരിഗണിക്കപ്പെടുന്നു.

**<u>മൊത്ത ദേശീയ ഉല്പന്നം (GNP):</u>**

- ഒരു രാജ്യത്തെ സ്ഥിരതാമസക്കാരായ വ്യക്തികൾ സ്വദേശത്തോ വിദേശത്തോ ഉല്പാദിപ്പിക്കുന്ന അന്തിമ സാധനങ്ങളുടെയും സേവനങ്ങളുടെയും ആകെ പണമൂല്യമാണിത്.
- ഇത് കണക്കാക്കുമ്പോൾ ആഭ്യന്തര ഉല്പന്നത്തോടൊപ്പം (GDP) വിദേശത്തുനിന്ന് ഇന്ത്യക്കാർ നേടിയ വരുമാനം കൂട്ടുകയും, ഇന്ത്യയിൽ നിന്ന് വിദേശികൾ നേടിയ വരുമാനം കുറയ്ക്കുകയും ചെയ്യുന്നു.

**പ്രധാന വ്യത്യാസം:**

- GDP ഭൂപ്രദേശത്തിന് പ്രാധാന്യം നൽകുന്നുവെങ്കിൽ, GNP രാജ്യത്തെ പൗരന്മാർക്ക്/സ്ഥിരതാമസക്കാർക്ക് ആണ് പ്രാധാന്യം നൽകുന്നത്.

**17. "തേയ്മാനച്ചെലവ് എന്നാൽ എന്ത്? അറ്റദേശീയ ഉല്പന്നം എങ്ങനെയാണ് കണക്കാക്കുന്നത്?"**

- **<u>തേയ്മാനച്ചെലവ്:</u>** യന്ത്രങ്ങളോ മറ്റ് ഉപകരണങ്ങളോ ഉപയോഗിക്കുമ്പോൾ കാലപ്പഴക്കം മൂലമോ ഉപയോഗം മൂലമോ അവയുടെ പ്രവർത്തനക്ഷമത കുറയുന്നു. ഇത്തരത്തിലുള്ള മൂല്യശോഷണം പരിഹരിക്കാൻ ആവശ്യമായ ചെലവിനെയാണ് തേയ്മാനച്ചെലവ് എന്ന് പറയുന്നത്.
- **<u>NNP കണക്കാക്കുന്ന രീതി</u>:** മൊത്ത ദേശീയ ഉല്പന്നത്തിൽ (GNP) നിന്ന് തേയ്മാനച്ചെലവ് കുറയ്ക്കുമ്പോഴാണ് അറ്റദേശീയ ഉല്പന്നം (NNP) ലഭിക്കുന്നത്.

**18. "ഒരു രാജ്യത്തിന്റെ സാമ്പത്തികാവസ്ഥ മനസ്സിലാക്കാൻ പ്രതിശീർഷ വരുമാനം എപ്രകാരമാണ് സഹായിക്കുന്നത്? ഇത് എങ്ങനെ കണക്കാക്കാം?"**

- ഒരു രാജ്യത്തിന്റെ ദേശീയ വരുമാനത്തെ ആകെ ജനസംഖ്യ കൊണ്ട് ഹരിക്കുമ്പോൾ കിട്ടുന്ന തുകയാണ് പ്രതിശീർഷ വരുമാനം. ഒരു വ്യക്തിയുടെ ശരാശരി വരുമാനം എത്രയാണെന്ന് ഇതിലൂടെ മനസ്സിലാക്കാം.
- ദേശീയ വരുമാനത്തെക്കാൾ വേഗത്തിൽ ജനസംഖ്യ വർധിക്കുകയാണെങ്കിൽ പ്രതിശീർഷ വരുമാനം കുറയും. ഇത് രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയെ ബാധിക്കും.

**19. ദേശീയവരുമാനം കണക്കാക്കുന്നതിൽ നേരിടുന്ന പ്രായോഗികമായ തടസ്സങ്ങളും പരിമിതികളും എന്തെല്ലാമാണ്?**

- കൃത്യമായ സ്ഥിതിവിവരക്കണക്കുകളുടെ അഭാവം
- സാധനങ്ങളുടെയോ സേവനങ്ങളുടെയോ പണമൂല്യം ഒന്നിലധികം ഉല്പാദന ഘട്ടങ്ങളിൽ രേഖപ്പെടുത്താനുള്ള സാധ്യത.
- സ്വന്തം ആവശ്യത്തിനായി ഉപയോഗിക്കുന്ന ഉല്പന്നങ്ങൾ പലപ്പോഴും ദേശീയവരുമാന കണക്കിൽ ഉൾപ്പെടാറില്ല.
- വിപണിയിൽ വില നിശ്ചയിക്കപ്പെടാത്ത പല സേവനങ്ങളും ദേശീയവരുമാനത്തിൽ ഉൾപ്പെടുത്താൻ കഴിയില്ല.
- വീട്ടമ്മമാരും മറ്റും ചെയ്യുന്ന ഗാർഹിക ജോലികൾ ദേശീയവരുമാന കണക്കെടുപ്പിൽ പരിഗണിക്കാറില്ല.

**20. മൊത്ത വർദ്ധിത മൂല്യം (GVA) എന്നാൽ എന്ത്? ഇത് എങ്ങനെ കണക്കാക്കാം?**

- ഒരു സമ്പദ്‌വ്യവസ്ഥയിൽ ഉല്പാദിപ്പിക്കപ്പെടുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും ആകെ മൂല്യമാണ് GVA.
- മൊത്തം ഉല്പന്ന മൂല്യത്തിൽ നിന്ന് ഇടനില ഉപഭോഗമൂല്യം കുറച്ചാണ് ഇത് കണക്കാക്കുന്നത്.

**21. മൊത്ത വർദ്ധിത മൂല്യം /GVA-യിൽ നിന്ന് മൊത്ത ആഭ്യന്തര ഉല്പന്നം (GDP) എങ്ങനെ കണക്കാക്കാം? ഇതിൽ നികുതിക്കും സബ്സിഡിക്കും ഉള്ള പങ്ക് എന്ത്?**

- ഓരോ മേഖലയുടെയും സംഭാവന കണക്കാക്കാൻ GVA ഉപയോഗിക്കുന്നു. എന്നാൽ രാജ്യത്തിന്റെ മൊത്തം ആഭ്യന്തര ഉല്പന്നം (GDP) ലഭിക്കാൻ GVA-യോടൊപ്പം ഉല്പന്ന നികുതികൾ കൂട്ടുകയും ഉല്പന്ന സബ്സിഡികൾ കുറയ്ക്കുകയും വേണം.

- **മൊത്ത ആഭ്യന്തര ഉല്പന്നം (GDP) = മൊത്ത വർദ്ധിത മൂല്യം (GVA) + ഉല്പന്ന നികുതി - ഉല്പന്ന സബ്സിഡി**

**22. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ തൃതീയ മേഖലയുടെ പ്രാധാന്യം വർദ്ധിച്ചു വരുന്നതിന്റെ കാരണങ്ങൾ എന്തെല്ലാം?**

- ഇന്ത്യയുടെയും കേരളത്തിന്റെയും **മൊത്ത വർദ്ധിത മൂല്യം (GVA)** വിഹിതത്തിൽ തൃതീയ മേഖല മുന്നിട്ടുനിൽക്കുന്നു. ഇതിന്റെ പ്രധാന കാരണങ്ങൾ:
- ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലുണ്ടായ പുരോഗതി.
- ബാങ്കിംഗ്, ഇൻഷുറൻസ് മേഖലകളുടെ ദ്രുതഗതിയിലുള്ള വളർച്ച.
- ഗതാഗത-വാർത്താവിനിമയ സൗകര്യങ്ങളുടെ വികാസം.
- വിനോദസഞ്ചാര മേഖലയിലെ വർദ്ധിച്ചുവരുന്ന സാധ്യതകൾ.

- അറിവധിഷ്ഠിത വ്യവസായങ്ങളുടെ (IT പോലുള്ളവ) വലിയ തോതിലുള്ള വളർച്ച.

**23. അറിവധിഷ്ഠിത മേഖല എന്നാൽ എന്ത്? ഇന്ത്യൻ സാഹചര്യത്തിൽ ഈ മേഖലയുടെ വളർച്ചയ്ക്ക് സഹായകമാകുന്ന ഘടകങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുക?**

- സാമ്പത്തിക വളർച്ച കൈവരിക്കുന്നതിനായി അറിവും സാങ്കേതികവിദ്യയും ഫലപ്രദമായി പ്രയോജനപ്പെടുത്തുന്ന മേഖലയെയാണ് അറിവധിഷ്ഠിത മേഖല എന്ന് വിളിക്കുന്നത്.
- ആധുനിക സാങ്കേതികവിദ്യയും വിവരവിനിമയ സാധ്യതകളും പ്രയോജനപ്പെടുത്തി ഇത് ഇന്ന് 'അറിവ് സമ്പദ്വ്യവസ്ഥ' എന്ന തലത്തിലേക്ക് വികസിച്ചിട്ടുണ്ട്.

**<u>വളർച്ചയ്ക്ക് സഹായകമാകുന്ന ഘടകങ്ങൾ:</u>**

- ഇന്ത്യയിലെ ജനസംഖ്യയുടെ 60 ശതമാനത്തോളം 35 വയസ്സിൽ താഴെയുള്ളവരാണ്. ഈ യുവസമൂഹം അറിവധിഷ്ഠിത മേഖലയ്ക്ക് വലിയൊരു സാധ്യതയാണ് നൽകുന്നത്.
- വിദേശ ഭാഷകൾ (പ്രത്യേകിച്ച് ഇംഗ്ലീഷ്) കൈകാര്യം ചെയ്യുന്നതിലുള്ള കഴിവ് ആഗോളതലത്തിൽ സോഫ്റ്റ്‌വെയർ സേവനങ്ങളും മറ്റും നൽകാൻ ഇന്ത്യയെ സഹായിക്കുന്നു.
- വിവരസാങ്കേതിക വിദ്യ (IT) മേഖലയിലുണ്ടായ കുതിച്ചുചാട്ടം അറിവിനെ അടിസ്ഥാനമാക്കിയുള്ള സേവനങ്ങൾ വലിയ തോതിൽ വർദ്ധിപ്പിച്ചു.
- അറിവധിഷ്ഠിത മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ പ്രത്യേക പരിഗണന നൽകുന്നു. കേരളത്തിലെ ടെക്നോപാർക്ക്, ഇൻഫോപാർക്ക് തുടങ്ങിയവ ഇതിന് ഉദാഹരണങ്ങളാണ്.
- മെച്ചപ്പെട്ട ശാസ്ത്രസാങ്കേതിക വളർച്ചയും സ്വകാര്യ മേഖലയുടെ പങ്കാളിത്തവും ഈ മേഖലയുടെ വികാസത്തിന് ആക്കം കൂട്ടുന്നു.

**24. സംഘടിത മേഖലയും അസംഘടിത മേഖലയും തമ്മിലുള്ള വ്യത്യാസങ്ങൾ വിശദമാക്കുക. അസംഘടിത മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാം?**

<u>സംഘടിത മേഖല:</u>

- സർക്കാർ നിയമങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി പ്രവർത്തിക്കുന്ന മേഖലയാണിത്.
- ഇവിടെ ജോലിക്ക് സുരക്ഷിതത്വവും സ്ഥിരതയുമുണ്ടാകും
- തൊഴിലാളികൾക്ക് ശമ്പളത്തോടുകൂടിയ അവധി, പെൻഷൻ, മെഡിക്കൽ ആനുകൂല്യങ്ങൾ എന്നിവ ലഭിക്കുന്നു.
- കൃത്യമായ പ്രവൃത്തി സമയവും അധിക ജോലിക്ക് കൂടുതൽ വേതനവും ഇവിടെ ഉറപ്പാണ്.

**അസംഘടിത മേഖല:**

- സർക്കാർ നിയന്ത്രണങ്ങൾ ഇല്ലാത്തതോ നിയമങ്ങൾ പാലിക്കപ്പെടാത്തതോ ആയ മേഖലയാണിത്.
- ഇവിടെ ജോലിക്ക് സ്ഥിരതയോ സുരക്ഷിതത്വമോ ഇല്ല.
- കുറഞ്ഞ വേതനമാണ് ലഭിക്കുന്നത്.
- ശമ്പളത്തോടുകൂടിയ അവധിയോ മറ്റ് സാമൂഹിക സുരക്ഷാ ആനുകൂല്യങ്ങളോ ഇവർക്ക് ലഭിക്കാറില്ല.

**അസംഘടിത മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ:**

- **കുറഞ്ഞ വേതനം:** കഠിനാധ്വാനത്തിന് അനുസരിച്ചുള്ള വേതനം ഇവർക്ക് ലഭിക്കുന്നില്ല. പലപ്പോഴും നിശ്ചയിക്കപ്പെട്ട കുറഞ്ഞ വേതനത്തേക്കാൾ താഴെയാകും ഇവരുടെ വരുമാനം.
- **തൊഴിൽ സുരക്ഷിതത്വമില്ലായ്മ:** തൊഴിലുടമയ്ക്ക് എപ്പോൾ വേണമെങ്കിലും കാരണങ്ങൾ കൂടാതെ തൊഴിലാളികളെ ജോലിയിൽ നിന്ന് നീക്കം ചെയ്യാം.
- **കൂടുതൽ പ്രവൃത്തി സമയം:** കൃത്യമായ ജോലി സമയമില്ലാത്തതിനാൽ പലപ്പോഴും ദീർഘനേരം ജോലി ചെയ്യേണ്ടി വരുന്നു. എന്നാൽ ഇതിന് അധിക വേതനം ലഭിക്കാറില്ല.
- **ആനുകൂല്യങ്ങളുടെ അഭാവം:** ഇൻഷുറൻസ്, ചികിത്സാ സഹായം, പ്രസവാനുകൂല്യം, പെൻഷൻ തുടങ്ങിയ യാതൊരുവിധ ആനുകൂല്യങ്ങളും ഈ മേഖലയിലുള്ളവർക്ക് ലഭിക്കുന്നില്ല.

**25. സാമൂഹിക സുരക്ഷാ കോഡ് 2020-ന്റെ ലക്ഷ്യങ്ങൾ എന്തെല്ലാം?**

- തൊഴിലാളികൾക്ക് മെച്ചപ്പെട്ട സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നതിനായി നിലവിലുണ്ടായിരുന്ന ഒൻപത് കേന്ദ്ര നിയമങ്ങൾ ക്രോഡീകരിച്ചാണ് ഈ നിയമം നിർമ്മിച്ചിരിക്കുന്നത്.

**പ്രധാന ലക്ഷ്യങ്ങൾ**

- സംഘടിത, അസംഘടിത മേഖലകളിലെ തൊഴിലാളികൾക്ക് സാമൂഹിക സുരക്ഷാ ആനുകൂല്യങ്ങൾ ലഭ്യമാക്കുക.
- ഇ.പി.എഫ് (EPF), ഇ.എസ്.ഐ (ESI), ഇൻഷുറൻസ്, പ്രസവാനുകൂല്യം, പെൻഷൻ, സൗജന്യ ചികിത്സ തുടങ്ങിയവ ഉറപ്പാക്കുക.
- ഗിഗ് തൊഴിലാളികൾക്കും പ്ലാറ്റ്ഫോം തൊഴിലാളികൾക്കും നിയമപരമായ സുരക്ഷയും ആനുകൂല്യങ്ങളും നൽകുന്നു.